സി.ഇ.ഇ./4245/പി.ജി.എം./2018/റ്റി.എ.3.

കേരള സർക്കാർ
പ്രവേശന പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം– 695 001

# പത്രക്കുറിപ്പ്

## 2018–ലെ പി.ജി.മെഡിക്കൽ /ദന്തൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം Persons with Disabilities (PD) വിഭാഗം വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന

2018–19 അധ്യയനവർഷം കേരള പി.ജി.മെഡിക്കൽ/ പി.ജി.ദന്തൽ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളിൽ Persons with Disabilities (PD) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള മെഡിക്കൽ പരിശോധന 2018 മാർച്ച് 17–ാം തീയതി രാവിലെ 10.30–ന് തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ വച്ച് നടത്തുന്നതാണ്. ഇതു സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് അറിയിപ്പ് മെമ്മോ അയക്കുന്നതാണ്. മെമ്മോ ലഭിക്കാത്തതും, ശാരീരിക ക്ഷമത കുറഞ്ഞവരുമായ വിദ്യാർത്ഥികൾ ഇതൊരറിയിപ്പായി കണക്കാക്കി മേൽപ്പറഞ്ഞ ദിവസം മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്.

വിദ്യാർത്ഥികൾ യോഗ്യതാപരീക്ഷയുടെ മാർക്ക് ലിസ്റ്റ്, ശാരീരിക വൈകല്യം സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ടുകൾ, തപാലിൽ ലഭിച്ച അറിയിപ്പ് മെമ്മോ എന്നിവയുമായി നേരിട്ട് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. മെഡിക്കൽ പരിശോധനയ്ക്ക് നേരിട്ട് ഹാജരാകാത്ത വിദ്യാർത്ഥികളെ Persons with Disabilities (PD) വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല.

പ്രവേശന പരീക്ഷാകമ്മീഷണർ

തിരുവനന്തപുരം,
10.03.2018